പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1782 **26-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ ഉത്തരവുകളും മന്ത്രിസഭാ തീരുമാനങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കേരള സർക്കാരിന്റെ document.kerala.gov.in പോർട്ടലിൽ എല്ലാ സർക്കാർ ഉത്തരവുകളും യഥാസമയം അപ്ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കേരളം സർക്കാരിന്റെ ഡോക്യുമെന്റ് പോർട്ടലിൽ വിവര-പൊതുജന സമ്പർക്ക വകുപ്പിലെ വെബ് ആൻഡ് ന്യൂ മീഡിയ വിഭാഗത്തിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ നിന്നും നേരിട്ട് ലഭിക്കുന്ന ഉത്തരവുകൾ യഥാസമയം അപ്ലോഡ് ചെയ്തു വരുന്നുണ്ട്.

(ബി) മന്ത്രിസഭാ തീരുമാനങ്ങൾ പ്രകാരമുള്ള സർക്കാർ ഉത്തരവ്/സർക്കുലർ എന്നിവ 48 മണിക്കൂറിനുള്ളിൽ പുറപ്പെടുവിക്കുന്ന മുറയ്ക്ക് മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് സഹിതം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന 20.07.2016 ലെ ജി.ഒ.(ആർ.ടി.) നമ്പർ 20/2016/ജി.എ.ഡി.(എസ്സി) നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പ്രതിപക്ഷനേതാവ് ബഹു.മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചോ; വിശദമാക്കാമോ,

മറുപടി: വിവര-പൊതുജനസമ്പർക്ക വകുപ്പിൽ ലഭ്യമാകുന്ന മന്ത്രിസഭാ തീരുമാനങ്ങൾ പ്രകാരമുള്ള സർക്കാർ ഉത്തരവ്/സർക്കുലർ എന്നിവ വെബ്സൈറ്റുകളിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതുസംബന്ധിച്ച് പ്രതിപക്ഷനേതാവ് ബഹു.മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നോ എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ തീരുമാനങ്ങളുടെ സുതാര്യത ഉറപ്പ് വരുത്താനും ജനങ്ങളെ യഥാസമയം സമയങ്ങളിൽ അറിയിക്കാനും ബന്ധപ്പെട്ട വകുപ്പുകളുടെ വെബ്സൈറ്റുകളിലും ഇ-ഓഫീസ് സിറ്റിസൺ പോർട്ടലിലും യഥാസമയം ഉത്തരവുകൾ അപ്ലോഡ് ചെയ്യാൻ നിർദ്ദേശം നൽകുമോ?

മറുപടി: സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യണമെന്ന നിർദ്ദേശം

നിലവിലുണ്ട്. സർക്കാർ ഉത്തരവുകൾ ഇ-ഓഫീസ് മുഖേന ഡെസ്പാച്ച് ചെയ്യുമ്പോൾ പ്രസ്തുത ഉത്തരവുകൾ ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ